# KERALA POLICE INFORMATION CENTRE

No. 19/PR/PIC/PHQ/09 Date 12-12-09

## വിദേശത്തുള്ളവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിനു മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിദേശത്തുള്ളവരുമായി വിവാഹബന്ധത്തിലേർപ്പെടുന്നത് ദോഷകരമല്ലെങ്കിലും വിവാഹബന്ധത്തിലേർപ്പെടുന്നതിന് ശേഷം ചതിയിൽ അകപ്പെട്ടിട്ടുള്ള അനേകംകേസുകളുണ്ട്. ഇപ്രകാരം സംഭവിക്കാതിരിക്കാൻ താഴെപ്പറയുന്ന മുൻകരുതലുകൾ എടുക്കേണ്ടതാണ്.

1. ടെലഫോൺ വഴിയോ, ഇ-മെയിൽ മുഖേനയോ വരുന്ന വിദേശ വിവാഹ ആലോചനകൾ വിശദമായി അന്വേഷിച്ചതിനുശേഷം മാത്രം തീരുമാനമെടുക്കുക.
2. വിദേശ വിവാഹം ഉറപ്പിക്കുന്നതിന് മുമ്പ് പ്രതിശ്രുതവരൻ/വധു ഇവരുടെ പൂർവ്വചരിത്രം അന്വേഷിക്കേണ്ടതാണ്.
3. വിദേശ വിവാഹകാര്യത്തിൽ വിശദവിവരം അന്വേഷിക്കാതെ ധൃതിപിടിച്ച് തീരുമാനം എടുക്കാതിരിക്കുക.
4. വളരെ പ്രധാനപ്പെട്ട ഒരു തീരുമാനമാകയാൽ വിദേശ വിവാഹം നടത്തുമ്പോൾ മറ്റുള്ളവരുടെ പ്രേരണയ്ക്ക് വശംവദരാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. .
5. വിവാഹം വഴി വിദേശത്ത് കുടിയേറാമെന്നോ ഗ്രീൻ കാർഡ് നേടാമെന്നോ ഉള്ള വാഗ്ദാനങ്ങൾക്ക് ഇരയാകാതിരിക്കുക.
6. വിവാഹ ആലോചന വരുന്ന സമയം വരന്റെ/വധുവിന്റെ വിവാഹ സ്ഥിതി, ജോലി, പദവി, ശമ്പളം, ഇമിഗ്രേഷൻ സ്ഥിതി, വിസയുടെ തരം, പങ്കാളിയെ വിദേശത്ത് കൊണ്ടുപോകാനുള്ള അർഹത,കുടുംബ പശ്ചാത്തലം, കുറ്റകൃത്യചരിത്രം എന്നിവയെപ്പറ്റിയുള്ള മുഴുവൻ വിവരങ്ങളും അന്വേഷിച്ച് അറിയേണ്ടതാണ്.
7. വിവാഹ ആലോചന ഒരിക്കലും രഹസ്യമായി സൂക്ഷിക്കരുത്. അടുത്ത ബന്ധുക്കൾ, സുഹൃത്തുക്കൾ എന്നിവരെ വിവരം അറിയിക്കുകയും അവരിൽ നിന്നും ആവശ്യമായ വിവരങ്ങൾ നേടാൻ ശ്രമിക്കേണ്ടതുമാണ്.
8. വിവാഹം നടത്തേണ്ടസാഹചര്യത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും,ഇന്ത്യയിൽ വച്ച് മതിയായ പരസ്യത്തോടു കൂടിയും മതാചാരപ്രകാരവും, ഫോട്ടോ, വീഡിയോ മുതലായ തെളിവുകളോടുകൂടിയും നടത്തേണ്ടതാണ്.
9. ഏതെങ്കിലും അടിയന്തര സാഹചര്യം നേരിടേണ്ടി വന്നാൽ സഹായത്തിന് എംബസ്സിയുടെ വിലാസം, ഫോൺ നമ്പർ, ഹെൽപ്പ് ലൈനുകൾ, ബന്ധുക്കളുടെ വിവരങ്ങൾ മുതലായവ കൈവശം കരുതേണ്ടതാണ്.
10. വിവാഹത്തിന് മുമ്പോ, പിമ്പോ ഏതെങ്കിലും വ്യാജരേഖകളിലോ വ്യാജ ഇടപാടുകളിലോ അറിഞ്ഞു കൊണ്ടോ അല്ലാതെയോ ഒപ്പ് വയ്ക്കാൻ പാടുള്ളതല്ല.
11. വിവാഹിതർ അവരവരുടെ പാസ്പോർട്ട്, വിസ മുതലായ രേഖകൾ സ്വയം സൂക്ഷിക്കേണ്ടതും ഓരോന്നിന്റെയും ഓരോ അറ്റസ്റ്റഡ് കോപ്പി കരുതേണ്ടതുമാണ്.
12. വിദേശരാജ്യങ്ങളുമായി എന്തെങ്കിലും നടപടിക്രമങ്ങൾ നടത്തേണ്ടി വരുമ്പോൾ രേഖകൾ സ്വയം തയ്യാറാക്കി സമർപ്പിക്കേണ്ടതും പകർപ്പുകൾ സൂക്ഷിക്കേണ്ടതു മാണ്.

The contents of this document may be deemed to be based on received information which is subject to further verification